പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1624 — 11.2.2013-ൽ മറുപടിക്ക്

## ആധുനിക സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ.ടി.ജലീൽ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| എ) | 2012-13 ൽ ശുചിത്വ മിഷൻ എത്ര ആധുനിക സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്; എന്തു തുക ഇതിലേക്കായി നീക്കി വച്ചു; വ്യക്തമാക്കുമോ; | എ) | 2012-13 ൽ ശുചിത്വമിഷൻ 24 ആശുപത്രികളിലാണ് ആധുനിക സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ആശുപത്രികളിൽ സ്ഥാപിക്കാൻ 13 കോടി രൂപയും കമ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ സ്ഥാപിക്കാൻ 50 ലക്ഷം രൂപക്കുമാണ് ഭരണാനുമതി നൽകിയിരിക്കുന്നത്. |
| ബി) | ഇതിൻ പ്രകാരം പ്രസ്തുത പ്ലാന്റ് എവിടെയൊക്കെ സ്ഥാപിച്ചു വെന്നറിയിക്കാമോ; | ബി) | ആശുപത്രികളിൽ മാതൃക ആധുനിക സ്വീവേജ് ട്രീറ്റ്മെന്റ് പദ്ധതി തയ്യാറാക്കാൻ ശുചിത്വമിഷൻ നടപടി കൈക്കൊണ്ടിട്ടുണ്ട്. പദ്ധതി തയ്യാറാക്കി നൽകേണ്ടത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളാണ്. അവയ്ക്ക് അതിനുള്ള പരിശീലനവും പദ്ധതിയുടെ കരടും ശുചിത്വമിഷൻ നൽകിയിട്ടുണ്ട്. ചില ജില്ലകളിൽ ഇപ്പോൾ തന്നെ പദ്ധതി തയ്യാറാക്കി നൽകിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരിയിലുള്ള ജില്ലാ ആശുപത്രിയിലും താലൂക്ക് ആശുപത്രിയിലും കാസർകോട് ജില്ലയിലെ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലും പദ്ധതി ഇതിനോടകം തയ്യാറായിട്ടുണ്ട്. ശേഷിക്കുന്ന ജില്ലകളിൽ ഈ സാമ്പത്തിക വർഷം തന്നെ പദ്ധതിയ്ക്ക് സാമ്പത്തികം ലഭ്യമാക്കാൻ നടപടി എടുക്കുന്നതാണ്. |
| സി) | ഇതിനായി എന്തു തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ? | സി) | 2012-13 വർഷത്തിൽ ഇതിനായി തുകയൊന്നും ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ